കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# മുരിയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.ടി.എസ്.ആർ.(പി 7)1644/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020, Ph. No. .0487 2331249.

e-mail: dotsr.ksad@kerala.gov.in

തിയതി: 24.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി 7)1644/17 തിയതി: 24.11.2017

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2016 മുതൽ 4.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2016-17 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ

പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു. ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.10.2017 മുതൽ<br>12 .10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷീന. കെ.ടി.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ആശ. എം.വി.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുമിത. ടി.എസ്.,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോയ്സൻ സി.ജെ., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സരള വിക്രമൻ | 01/04/2016 മുതൽ<br>31/03/2017 വരെ |
| സെക്രട്ടറി | ഉല്ലാസ്. പി.ആർ. | 01/04/2016 മുതൽ<br>03/01/2017 FN വരെ |
| | പണ്ടു സിന്ധു | 03/01/2017 AN മുതൽ<br>31/03/2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശാലിനി. എം. | 01/04/2016 മുതൽ<br>31/03/2017 വരെ |
| അസി. എഞ്ചിനീയർ | അഞ്ജലി. എസ്. | 01/04/2016 മുതൽ<br>31/03/2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷൈമ. കെ. | 01/04/2016 മുതൽ<br>31/03/2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷീബ. എൽ., നാലപ്പാട്ട് | 01/04/2016 മുതൽ<br>31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. രേഖ. എൻ.എസ്. | 01/04/2016 മുതൽ<br>31/03/2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സിനി. രമ്യ | 01/04/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പുല്ലൂർ സർക്കിൾ) | മനേഷ്. സി.കെ. | 01/04/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുരിയാട് സർക്കിൾ) | ദീപ. കെ.വി. | 01/04/2016 മുതൽ 31/03/2017 വരെ |
| കൃഷി ഓഫീസർ | റിസ മോൾ സൈമൺ | 01/04/2016 മുതൽ 31/03/2017 വരെ |
| ഹെഡ് മിസ്ട്രസ് (ജി.യു.പി.എസ്., ആനന്ദപുരം) | അംബുജം. പി.കെ. | 01/04/2016 മുതൽ 31/03/2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില തെയ്യശ്ശൻഞ്ചേരി | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | പ്രഭ. കെ. നമ്പൂതിരി | 01/04/2016 മുതൽ 31/03/2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു | 2-1 |
| 13 | മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക | 2-2 |
| 14 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-3 |

| | | |
|---|---|---|
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 16 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 17 | പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 2-6 |
| 18 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു | 2-7 |
| | ഭാഗം 3 | |
| 19 | നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് കറണ്ട് ചാർജ് അടവാക്കുന്നു | 3-1 |
| 20 | വാട്ടർ ചാർജ്ജ് കുടിശ്ശിക അടവാക്കിയിട്ടില്ല. | 3-2 |
| 21 | ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന തുക - 6000/-രൂപ | 3-3 |
| 22 | പാലിയേറ്റീവ് കെയർ - മരുന്നുകളും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 3-4 |
| 23 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല | 3-5 |
| 24 | സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-6 |
| 25 | സമ്പൂർണ്ണ ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നത് - 602044/-രൂപ | 3-7 |
| 26 | എസ്.സി. പഠന മുറി - ഒരു ഗഡു കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| 27 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-9 |
| 28 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - കുറഞ്ഞ ചെലവ് ശതമാനം | 3-10 |
| 29 | പച്ചക്കറി കൃഷി പ്രോത്സാഹനം-സബ്സിഡി തുക അധികം നൽകി | 3-11 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 04/03/2016 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 140089278 | 134443630 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 21/7/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1.നാളിതു വരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല
2.വസ്തുനികുതി സംബന്ധിച്ച് സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ടും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3.സംയുക്ത പ്രോജക്ടിനായി മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് വിഹിതം (5228 രൂപ) തിരിച്ചടച്ചിട്ടില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,76,77,879/- |
| വരവ് | 4,21,13,797/- |
| ആകെ | 5,97,91,676/- |
| ചെലവ് | 4,09,35,002/- |
| നീക്കിബാക്കി | 1,88,56,674/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്<br>ജനറൽ | 12143086 | 8604374 | 3538712 | 70.86 |
| എസ് സി പി | 9466302 | 5846583 | 3619719 | 61.76 |
| ടി എസ് പി | 44823 | 44823 | 0 | 100 |
| 13TH ധനകാര്യ കമ്മീഷൻ | 6810035 | 33198413 | 3411622 | 49.90 |

| | | | | |
|---|---|---|---|---|
| ലോകബാങ്ക് സഹായം | 3718716 | 1219423 | 2499293 | 32.79 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7741344 | 1083853 | 6657491 | 14 |
| നോൺറോഡ് | 3244098 | 1834281 | 1409817 | 56.54 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 161 | 53631803 | 90 | 25785664 | 0 | 71 | 48 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തില്(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 4348549 | 5790179 | 1441630 | 33.15% |
| നികുതിയേതര വരവുകൾ | 638236 | 991403 | 353167 | 55.33% |
| മറ്റുവരവുകൾ | 113292 | 75267 | (-)38025 | (-)33.56% |
| ആകെ | 5100077 | 6856849 | 1756772 | +34.44% |

## 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 150960 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 5130150 | 547 |
| വിധവാ പെൻഷൻ | 12548100 | 1343 |
| വാർദ്ധക്യകാല പെൻഷൻ | 19658020 | 1867 |
| വികലാംഗപെൻഷൻ | 2598835 | 298 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1213970 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 06.10.17-ാം തിയ്യതിയിൽ നടത്തി. 15,118/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. (കെട്ടിട നമ്പർ കിട്ടിയിട്ടുണ്ടെങ്കിൽ ചേർക്കേണ്ടതാണ്.)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2017 ആഗസ്റ്റ് | റിപ്പോർട്ട് ലഭിച്ചിട്ടില്ല 2017 ഫെബ്രുവരി വരെയുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| അക്കൗണ്ടന്റ് ജനറൽ | 13/07/2015 | 2010-11 to 2014-15 | 10/09/2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു.

ശ്രീ. വി.വി.ആന്റു, വെള്ളപ്പാറ എന്ന വ്യക്തിയുടെ 1/479B നമ്പറിലുള്ള വാണിജ്യ ഗോഡൗൺ കെട്ടിടത്തിന് 2016-17 ലാണ് നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നത്. $1M^2$ന് 50 രൂപ നിരക്കിൽ ആണ് 175.47 $M^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് നികുതി നിശ്ചയിച്ചിരിക്കുന്നത്. പഞ്ചായത്ത് കമ്മറ്റിയുടെ 30.9.2011 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 $M^2$ന് മുകളിലുള്ള വാണിജ്യ ഗോഡൗണുകൾക്ക് $1M^2$ന് 65 രൂ നിരക്കിൽ ആണ് വസ്തു നികുതി നിശ്ചയിക്കേണ്ടത്. പ്രസ്തുത അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/11.10.2017) മറുപടിയായി ഡാറ്റാ എൻട്രിയിലെ പിഴവ് കാരണമാണ് അപാകം സംഭവിച്ചതെന്നും ഡാറ്റാ എൻട്രിയിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ടിയാളിൽ നിന്നും കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243 വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം യഥാസമയം നടപടി സ്വീകരിക്കുന്നതിലെ വീഴ്ച മൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ആയതിനാൽ കുടിശ്ശിക കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243(1) പ്രകാരം കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|
| 1 | 2/139 | 77604 | 2013-14 Ist half മുതൽ |
| 2 | 6/303 | 47239 | ,, |

| | | | |
|---|---|---|---|
| 3 | 7/16 | 44587 | ,, |
| 4 | 7/227 | 38734 | ,, |
| | ആകെ | 208164/-രൂ | |

## 2-3 ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 12(B)(D) പ്രകാരം 5HPയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ആവശ്യമാണ്. എന്നാൽ

1. താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പോല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നിരപേക്ഷ സാക്ഷ്യപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്

| ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ഉപയോഗപ്പെടുത്തുന്ന HP |
|---|---|---|
| 180/16-17 | അഷ്ടവൈദ്യൻ തൈക്കാട്ട് മൂസ് | 81 എച്ച്.പി |
| 186/16-17 | മൂത്തേടൻ കൊച്ചു ത്രേസ്യ (പ്ലാസ്റ്റിക് നിർമ്മാണം) | 25 എച്ച്.പി |
| 229/16-17 | ഒഖാസ് സിമന്റ് നിർമ്മാണം | 9 എച്ച്.പി |
| 337/16-17 | പോൾജോ വ്യാപാര കേന്ദ്രം | 50 എച്ച്.പി |

ഓഡിറ്റ് എൻക്വയറി 3 തി.9/10/2017 നൽകിയതിന്, മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നാണ് മറുപടിയിൽ വിശദമാക്കിയിട്ടുള്ളത്. എന്നാൽ പരിശോധനയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതായാണ് കാണുന്നത്.

2.കള്ള് ഷാപ്പുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് യാതൊരു രേഖകളും ഇല്ലാതെയാണ്. പരിശോധനയിൽ അപേക്ഷ മാത്രമാണ് കാണാൻ കഴിഞ്ഞത്.

| ലൈസൻസ് നമ്പർ | ഉടമസ്ഥന്റെ പേരും, മേൽവിലാസവും |
|---|---|
| 372/16-17 | ശ്രീ.അനീഷ് ജോസ് പുത്തൻപുരയ്ക്കൽ ഹൗസ് മീനച്ചിയിൽ പി.ഒ., കോട്ടയം |
| 373/16-17 | |
| 374/16-17 | |
| 375/16-17 | |

ലൈസൻസി എക്സൈസ് വകുപ്പിൽ നിന്നും കള്ള് വിതരണത്തിനുള്ള സാക്ഷ്യപത്രങ്ങളോ, സാനിറ്ററി സാക്ഷ്യപത്രങ്ങളോ അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല.

3.പൗൾട്രി ഫാമുകൾക്ക് പോല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്

| ലൈസൻസ് നം. | അപേക്ഷ നം. | മേൽവിലാസം | കോഴികളുടെ എണ്ണം |
|---|---|---|---|
| 2/16-17 | 2710/21.3.2016 | കൊച്ചുറാണി, എടാട്ടുകാരൻ വീട്,മുരിയാട് | 5000 |
| 3/16-17 | 2836/26.03.2016 | ജോയ്, S/o വറീത് തൊട്ടുപറമ്പിൽ വീട്, മുരിയാട് | 6000 |

| | | | |
|---|---|---|---|
| 4/16-17 | 3273/07.04.2016 | പാഞ്ചാലി W/o ദാമോദരൻ, അണലി പറമ്പിൽ വീട്, മുരിയാട് | 2000 |

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

1. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
2. വിജയലക്ഷ്മി കാഷ്യൂ കമ്പനി
3. ആനന്ദപുരം കുറീസ്

ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്

a.ജീവത ആയുർവ്വേദിക്
b.വിദ്യാജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് & മാത്ത്സ്
c.അന്ന ക്ലിനിക്കൽ ലബോറട്ടറി

3) താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

a.വിജയലക്ഷ്മി കാഷ്യൂ കമ്പനി I, II അർദ്ധവർഷങ്ങൾ

b.എ1 പോളിമേഴ്സ് II-ാം അർദ്ധവാർഷികം

## 2-5 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വർക്കുകളുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും, മറ്റു കരാറുകാരിൽ നിന്നും (ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ etc..) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ

1.ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവ് ഈടാക്കി

| പെർമിറ്റ് നം | തരം | നിർമ്മിതി (ച.മീ) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| ബി3-281/17 തി4/2/2017 | ജിംനേഷ്യം (ഗ്രൂപ്പ് ഡി) | 105 ച.മീ | 20+315 | 20+525 | 210/- |

2.ലാന്റ് ഡെവലപ്പ്മെന്റ് ഫീസ് കുറവ് ഈടാക്കി

| പെർമിറ്റ് നം | തരം | ഭൂവികസന വിസ്തീർണ്ണം (250/-@ആർ) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സി3-6571/16 തി.28/9/16 | ഭൂവികസനം | 40.47ആർ | 101/- രൂപ | 10118/-രൂപ | 10,017/- |

## 2-7 ഗ്രാമ പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു

1) ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡിൽ സൺ അനിമൽ ഫീഡ്സെന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിച്ചു വരുന്നു. 28.1.2017 ലെ തീരുമാനം 2(7) പ്രകാരം പ്രസ്തുത സ്ഥാപനത്തിന് സ്റ്റോപ്പ് മെമ്മോ നോട്ടീസ് അയക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ 808.5 എച്ച്.പി മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. IV-ാം വാർഡിലെ 119 C, D, E, F, G, H എന്നിങ്ങനെയാണ് നമ്പർ നൽകിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷവും 2017-18 സാമ്പത്തിക വർഷത്തിലും പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല. എന്നാൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതായാണ് കാണാൻ സാധിച്ചത്. അമ്പതിലധികം ജീവനക്കാർ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിലെ പാറക്കാട്ടുക്കരയിൽ സൺ പ്ലാസ്റ്റിക്സ് എന്ന പ്ലാസ്റ്റിക്സ് നിർമ്മാണ സ്ഥാപനം അനധികൃതമായി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനം ലൈസൻസ് എടുക്കാൻ അപേക്ഷ പോലും നൽകിയിട്ടില്ല. ഈ സ്ഥാപനം അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് യു.എ. നമ്പർ നൽകിയിട്ടില്ല. സ്ഥാപനം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുമില്ല. 2013-14 സാമ്പത്തിക വർഷം മുതൽ പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതായാണ് കാണാൻ സാധിച്ചത്. അമ്പതിലധികം ജീവനക്കാർ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിനെതിരെ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് കറണ്ട് ചാർജ് അടവാക്കുന്നു

മുരിയാട് ഗ്രാമപഞ്ചായത്തിൽ 40 വാട്ടിന്റെ 552 ബൾബുകളും, 60 വാട്ടിന്റ 123 ബൾബുകളും ഉള്ളതായും ആയതിന്റെ വൈദ്യുതി ചാർജായി 33672/ രൂപയും, 11562/ രൂപയും അടക്കേണ്ടതായും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1/11/14 ലെ NO/B/SL-arrears/14-15-ാം നമ്പർ കത്തിൽ വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പദ്ധതിയുടെ പരിശോധനയിൽ നിലവിൽ പഞ്ചായത്തിൽ സാധാരണ ബൾബുകൾ ഉള്ളതായി കാണുന്നില്ല. നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് ചാർജ് അടവാക്കുന്നത് പുന:പരിശോധിയ്ക്കേണ്ടതും, അധികം അടവാക്കിയ വൈദ്യുതി ചാർജ് വരും ബില്ലുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

## 3-2 വാട്ടർ ചാർജ്ജ് കുടിശ്ശിക അടവാക്കിയിട്ടില്ല.

2/17 ലെ വാട്ടർ ചാർജ്ജ് ബിൽ പരിശോധിച്ചതിൽ (ബിൽ നമ്പർ-114/3/16-17/8.3.2017 ) കുടിശ്ശികയായി 32130 രൂപയും ഫൈൻ ഇനത്തിൽ 2920/-രൂപയും ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുകയായ 84875/-രൂ മാത്രമേ ചെക്ക് നമ്പർ – 556224/20.3.2017 പ്രകാരം അടവാക്കിയിട്ടുള്ളൂ. പ്രസ്തുത കുടിശ്ശിക വൗച്ചർ

നമ്പർ-21600469/30.9.2016ൽ 10 ടാപ്പുകളുടെ കുടിശ്ശിക 12/2015 മുതൽ ഉള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മാസം മുതൽ ടി തുക അടവാക്കി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി തീർപ്പാക്കേണ്ടതാണ്.

## 3-3 ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന തുക-6000/-രു

ശ്രീമതി ബിന്ദു.വി.സി ക്ലർക്കിന് ഓണം അഡ്വാൻസ് നൽകിയതിൽ 6000/-രൂ ടിയാൾ മറ്റൊരു പഞ്ചായത്തിലേക്ക് സ്ഥലം മാറി പോയതിനാൽ നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ടി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ- മരുന്നുകളും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.38/17, ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിൽ ബിൽ നം.5/16-17, dt.28/3/17 പ്രകാരം പിൻവലിച്ച 2,82,272/- രൂപയിൽ, 1,76,825/ രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപറേഷന്, മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും, നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവു തുക 176825 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.55/17, ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി, മരുന്ന് വാങ്ങുന്നതിലേയ്ക്കായി, ബിൽ നം.1/2016-17 dt.25/1/17 പ്രകാരം മാറിയ, 150000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | തുക | ബിൽ നം. തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 104/17 | പുല്ലൂർ ചേർപ്പകുന്ന് കുടിവെള്ള പദ്ധതി മോട്ടോറും ഫിൽട്ടറേഷനും | 8,50,000 | 23/16-17 dt.16/2/17 | കേരളാ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട സെക്ഷൻ |
| 34/17 | 3,16 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2,00,000 | 19/16-17 dt.29/12/16 | ,, |
| 35/16-17 | 2-ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 85,000/ | 20/16-17 dt.29/12/16 | ,, |

| | | | | |
|---|---|---|---|---|
| | ആകെ | 1135000 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 സമ്പൂർണ്ണ ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നത് -602044/-രൂ

2016-17ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം സമ്പൂർണ്ണ ശുചിത്വ മിഷൻ ഫണ്ട് 6,02,044/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-8 എസ്.സി. പഠന മുറി -ഒരു ഗഡു കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ – 0066/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി സെക്രട്ടറി

ബിൽ നമ്പർ – 14/16 – 17/28.2.2017-120000/-

„ – 15/16-17/10.3.2017-380000/-

„ – 17/16-17/13.3.2017-100000/-

„ – 18/16-17/27.3.2017-100000/-

„ – 23/16-17/30.3.2017-250000/-

എസ്.സി. പഠന മുറിക്കായി ഒരു ഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി |
|---|---|---|
| 1 | സുരേന്ദ്രൻ, തോട്ടാപ്പിള്ളി | 50000/10.3.2017 |
| 2 | സുരേന്ദ്രൻ,<br>പള്ളിപ്പാമഠത്തിൽ | „ |
| 3 | ജഗതി ഹരിദാസ്, ഗുരുവിലാസം | „ |
| 4 | സന്തോഷ്, കാരപ്പിള്ളി | „ |
| 5 | വിലാസിനി സജീവൻ, എടതിരിഞ്ഞി | „ |
| 6 | നിത അർജ്ജുനൻ, കുന്നുമ്മക്കര | 10000/1.3.2017<br>40000/28.2.2017 |
| 7 | മേനക മനോഹരൻ, പള്ളത്തേരി | 50000/10.3.2017 |
| 8 | തങ്കമണി, അറക്കൽ | 50000/13.3.2017 |

| | | |
|---|---|---|
| 9 | ബിജു ചന്ദ്രൻ, അമ്പാട്ടുപറമ്പിൽ | 50000/27.3.2017 |
| 10 | സുന്ദരൻ. എൻ.കെ., നാരാട്ടിൽ | 50000/27.3.2017 |
| 11 | രാഖി സുരേഷ് ബാബു, നാരാട്ടിൽ | 50000/30.3.2017 |

ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

മുരിയാട് ഗ്രാമപഞ്ചായത്തിൽ ആശ്രയ രണ്ടാം ഘട്ടത്തിന് 2014-15 മുതൽ 2016-17 വരെയുള്ള 3 വർഷ കാലയളവിലേക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട പുരോഗതി സംബന്ധിച്ച് നൽകിയ വിവരങ്ങൾ പ്രകാരം അടിസ്ഥാന സൗകര്യ മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം, ലഭ്യമാക്കിയ സേവന വിവരം എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഭൂമി | 16 | - |
| 2 | വീട് | 37 | 21 |
| 3 | ഭവനം അറ്റകുറ്റപ്പണി | 23 | 14 |

ആശ്രയ പാസ്സ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രകാരം 7,09,842/-രൂ ബാലൻസ് ഉണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| പ്ളാൻ ഫണ്ട് | 231445/- |
| ചലഞ്ച് ഫണ്ട് ഒന്നാം ഘട്ട ബാലൻസ് | 175099/- |
| ചലഞ്ച് ഫണ്ട് രണ്ടാം ഘട്ട ബാലൻസ് | 147842/- |
| കമ്പ്യൂട്ടർ ഫണ്ട് | 14000/- |
| ബാങ്ക് പലിശ | 141456/- |
| ആകെ | 709842/- |

ആശ്രയ ഒന്നാം ഘട്ടത്തിനായി ലഭിച്ച പ്ലാൻ ഫണ്ട് തുക നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ചെലവഴിക്കാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ആവശ്യമായ ഫണ്ട് വകയിരുത്താതിരുന്നതും, 12-ാം പദ്ധതി മാർഗ്ഗരേഖയിൽ അടിസ്ഥാന സൗകര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പദ്ധതികളിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകാമെന്ന നിർദ്ദേശം പാലിക്കാതിരുന്നതും പദ്ധതിയുടെ ഫല പ്രാപ്തിയെ ബാധിച്ചു. സമൂഹത്തിലെ ഏറ്റവും അവശരായ ആശ്രയ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പദ്ധതി ലക്ഷ്യ പ്രാപ്തി നേടാത്തതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ -കുറഞ്ഞ ചെലവ് ശതമാനം

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നമ്പർ-51/17 - വാഴ കൃഷിക്ക് ധനസഹായം വനിത ഗ്രൂപ്പിന് എന്ന പദ്ധതിയുടെ അടങ്കൽ 650000/-രൂ ആയിരുന്നു. ഇതിന്റെ ചെലവ്

43240/-രൂ ആണ്. അതായത് 6.6% ആണ് ചെലവ് ശതമാനം. പദ്ധതി നമ്പർ-156/17 ആയി നടപ്പിലാക്കിയ വനിതകൾക്ക് ഹൈബ്രിഡ് തെങ്ങിൻതൈ വിതരണം എന്ന പദ്ധതിയുടെ അടങ്കൽ 396750/- രൂപയും ചെലവ് 51250/-രൂപയും ആണ്. ചെലവ് ശതമാനം 12.9%.

മേൽ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതു മൂലം മറ്റ് പദ്ധതികൾക്ക് ഉപയോഗപ്പെടുത്താവുന്ന തുകയാണ് ലാപ്സായി പോകുന്നത്. ആയതിനാൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വ്യക്തമായ ആസൂത്രണത്തോടു കൂടി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പച്ചക്കറി കൃഷി പ്രോത്സാഹനം-സബ്സിഡി തുക അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പദ്ധതി നമ്പർ – 0053/17

ബിൽ നമ്പർ – 2/16-17/28.2.2017-68250/-രൂ

പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് ജൈവ കീടനാശിനി, ജൈവ വളം എന്നിവ കേരള അഗ്രിക്കൾച്ചറൽ യൂനിവേഴ്സിറ്റിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ-Agri-2016-17/65493/3.2.2017) വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ- | ഇനം | തുക | സബ്സിഡി നൽകാവുന്നത്. |
|---|---|---|---|
| 1 | പഞ്ചഗവ്യ | 22500 | 75% – 16875 |
| 2 | ഫിഷ് അമിനോ ആസിഡ് | 12000 | 75% – 9000 |
| 3 | വെർമി കമ്പോസ്റ്റ് | 13500 | 75% – 10125 |
| 4 | സ്യൂഡോമോണാസ് | 11250 | 75% – 8438 |
| 5 | ട്രൈക്കോഡെർമ | 15750 | 75% – 11812 |
| 6 | നീം ഗാർലിക് പേസ്റ്റ് | 15000 | 50% – 7500 |
| | ആകെ | 90000/- | 63750/- |

സബ്സിഡി ഇനത്തിൽ ആകെ നൽകാവുന്നത് 63750/-രൂപയാണ്. ആയതിനു പകരം 68250/-രൂപ (68250-63750=4500/-രൂപ) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വര്ഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 140000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 295000 | മുരിയാട് ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷക്രക്ക് പാലിന് സബ്സിഡി | 295000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 18250 | ഹൈബ്രിഡ് തെങ്ങുകളുടെ വിതരണവും പരിപാലനവും | 18250 | 0 |
| | | 453250 | | 453250 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | രണ്ടാം വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 699370 31/12/2016 | 85000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 100000 |
| | | 098097 16/01/2017 | 15000 | | |
| കേരളാ വാട്ടർ അതോറിറ്റി | മൂന്ന്, പതിനാറ് വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 699371 31/12/2016 | 200000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 233000 |
| | | 098097 16/01/2017 | 33000 | | |
| കേരളാ വാട്ടർ അതോറിറ്റി | ചേർപ്പകുന്ന് കുടിവെള്ള പദ്ധതിക്ക് മോട്ടോറും ഫിൽട്ടറേഷനും | 18/02/2017ന് നെഫ്റ്റ് ട്രാൻസ്ഫർ | 850000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1000000 |
| | | 098530 16/02/2017 | 150000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

നൽകിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ എടുത്തിട്ടില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒടുക്കിയിട്ടില്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,21,13,797/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,09,35,002/- |
| വരവിനങ്ങളിലുള്ള നഷ്ടം | 10227/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1659825 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-6 | 210/- | - | പണ്ടു സിന്ധു, സെക്രട്ടറി, മുരിയാട് ഗ്രാമപഞ്ചായത്ത് |
| | 10,017/- | - | ഉല്ലാസ്. പി.ആർ., സെക്രട്ടറി |
| 3-11 | | 4500/- | റിസമോൾ സൈമൺ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 176825 | ഡോ. പ്രഭ.കെ.നമ്പൂതിരി, മെഡിക്കൽ ഓഫീസർ, PHC |
| 3-5 | 150000 | ഡോ. സിനി രമ്യ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-6 | 285000/- | ശ്രീ.ഉല്ലാസ് പി.ആർ., സെക്രട്ടറി |
| | 1048000/- | ശ്രീ.പണ്ടു സിന്ധു,സെക്രട്ടറി |
| ആകെ | 1659825 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പണ്ടു സിന്ധു, സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് | പണ്ടു സിന്ധു, അതിയാരത്തിൽ വീട്, റബ്ബർ എസ്റ്റേറ്റ് റോഡ്, പൊറത്തിശ്ശേരി. പി.ഒ., ഇരിങ്ങാലക്കുട നോർത്ത്, തൃശ്ശൂർ 680135 |
| ഉല്ലാസ്.പി.ആർ. | വിരമിച്ചു | പാണഞ്ചേരി വീട്, ആഴകം, കൊടകര, തൃശ്ശൂർ |
| റിസമോൾ സൈമൺ | കൃഷി ഓഫീസർ, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് | റിസമോൾ സൈമൺ, W/o ത്രിജോ തറയിൽ, തറയിൽ വീട്, ഊരകം. പി.ഒ. |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 96-97 | |
| 97-98 | |
| 98-99 | |
| 99-00 | |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |

| | |
|---|---|
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി3-1734/16 തി.22.11.16 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)1644/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി – 24.11.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്

ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P7)1644/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020, Dated 24.11.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muriyad Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Muriyad Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur.